തന്റെ ഉപജീവനത്തിൽ വിശാലത നൽകപ്പെടണമെന്നും, തന്റെ ആയുസ്സിൽ വർദ്ധനവ് നൽകപ്പെടണമെന്നും ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അവൻ തന്റെ കുടുംബബന്ധം ചേർത്തു കൊള്ളട്ടെ

അനസ് ബ്നു മാലിക് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി ﷺ പറഞ്ഞു: "തന്റെ ഉപജീവനത്തിൽ വിശാലത നൽകപ്പെടണമെന്നും, തന്റെ ആയുസ്സിൽ വർദ്ധനവ് നൽകപ്പെടണമെന്നും ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അവൻ തന്റെ കുടുംബബന്ധം ചേർത്തു കൊള്ളട്ടെ."
[صحيح] [متفق عليه]

കുടുംബങ്ങൾ സന്ദർശിച്ചു കൊണ്ടും, അവരെ ശാരീരികമായും സാമ്പത്തികമായും മറ്റുമെല്ലാം സഹായിച്ചു കൊണ്ടും കുടുംബബന്ധം ചേർക്കാൻ നബി ﷺ ഈ ഹദീഥിലൂടെ പ്രോത്സാഹനം നൽകുന്നു. ഉപജീവനം വിശാലമാകാനും, ആയുസ്സ് വർദ്ധിക്കാനും അത് കാരണമാണെന്നും അവിടുന്ന് അറിയിക്കുന്നു.

http://www.sunnah.global/hadeeth/ml/show/5372